**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1408** **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പാചക തൊഴിലാളികളുടെ വേതനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ പാചക തൊഴിലാളികൾക്ക് മാസങ്ങളായി വേതനം കിട്ടാതെ പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കാണുന്നുണ്ട്. |
| (ബി) | സ്കൂൾ പാചക തൊഴിലാളികളുടെ വേതനം, നൽകി വരുന്ന മറ്റു ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കുമോ; | (ബി) | പാചകത്തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രതിമാസ മാൻഡേറ്ററി ഓണറേറിയം 1000 രൂപയാണ്. ആയതിൽ കേന്ദ്രവിഹിതം 600 രൂപയും സംസ്ഥാന വിഹിതം 400 രൂപയുമാണ്. എന്നാൽ പ്രസ്തുത തൊഴിലാളികൾക്ക് കേന്ദ്രം നിഷ്കർഷിച്ചിട്ടുള്ളതിനേക്കാൾ വളരെ കൂടുതൽ തുക ഓണറേറിയം ഇനത്തിൽ സംസ്ഥാനം അധിക വിഹിതമായി നൽകുന്നുണ്ട്. കേരളത്തിൽ സ്കൂൾ പാചകത്തൊഴി ലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന ഓണറേറിയം 600/- രൂപയും പരമാവധി പ്രതിദിന ഓണറേറിയം 675/- രൂപയുമാണ്. ഇപ്രകാരം പ്രതിമാസം കുറഞ്ഞത് 12000/- രൂപയും കൂടിയത് 13500/- രൂപയും സംസ്ഥാന അധിക വിഹിതം ഉപയോഗിച്ച് അനുവദിക്കുന്നുണ്ട്. ഓണറേറിയത്തിന് പുറമേ സംസ്ഥാന സർക്കാർ പ്രത്യേക താല്പര്യമെടുത്ത് 2017 മുതൽ സ്കൂൾ വേനലവധിക്കാലമായ ഏപ്രിൽ, മേയ് മാസങ്ങളിൽ പാചകത്തൊഴി ലാളികൾക്ക് സമാശ്വാസമായി പ്രതിമാസം 2000/- രൂപ അനുവദിക്കുന്നുമുണ്ട്. ഒരു നിശ്ചിത പ്രവൃത്തി ചെയ്യുന്നതിനുള്ള പ്രതിഫലമായി ഓണറേറിയം കൈപ്പറ്റിക്കൊണ്ട് ജോലിയിൽ തുടരുന്ന സ്കൂൾ പാചകത്തൊഴി ലാളികൾക്ക് പ്രതിമാസ ഓണറേറിയവും അവധിക്കാല സമാശ്വാസവും ഒഴികെ മറ്റൊരു തരത്തിലുള്ള ആനുകൂല്യങ്ങൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം അർഹതയില്ല. |

| | | | |
|---|---|---|---|
| (സി) | മുഴുവൻ പാചക തൊഴിലാളികളെയും സ്ഥിരപ്പെടുത്തി സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | പാചകത്തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ